# നാട്ടുവിശേഷം

## സൈബർ സേന പുനസംഘടിപ്പിച്ചു

ആര്യനാട്: എസ്.എൻ.ഡി.പി.യോഗം ആര്യനാട് യൂണിയനിലെ സൈബർസേന പുനസംഘടിപ്പിച്ചു. ജില്ലാചെയർമാൻ അരുൺ തോട്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ ആര്യനാട് യൂണിയൻ പ്രസിഡന്റ് വീരണക്കാവ് സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ സെക്രട്ടറി പരുത്തിപള്ളി സുരേന്ദ്രൻ മുഖ്യപ്രഭാഷണവും സൈബർ സേന സംസ്ഥാന ജോയിന്റ് കൺവീനർ കെ.ആർ.മഹേഷ് സംഘടനാ സന്ദേശവും നൽകി.

പ്രിജിഅനിൽകുമാർ,ഷിജു കോട്ടക്കകം എന്നിവർ സംസാരിച്ചു. ഭാരവാഹികളായി ഷിജു, കോട്ടക്കകം(ചെയർമാൻ), യു.അനീഷ്(വൈസ് ചെയർമാൻ) പ്രിജീ അനിൽകുമാർ(കൺവീനർ), ആർ.ഡി.രശ്മി(ജോയിന്റ് കൺവീനർ), അരുൺതോട്ടത്തിൽ(ജില്ലാ പ്രതിനിധി), ഷിനോജ് ആനപ്പാറ, കണ്ണൻവീരണക്കാവ്, അക്ഷയ്കല്ലാർ, നിജിൻകുറ്റിച്ചൽ(എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

## പൊതുജന പരാതി പരിഹാര അദാലത്ത് ഇന്ന്

കാട്ടാക്കട: സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾക്കും ആക്ഷേപങ്ങൾക്കും നടപടി സ്വീകരിക്കുന്നതിനായി കാട്ടാക്കട താലൂക്കിലെ പൊതുജന പരാതി പരിഹാര അദാലത്ത് ഇന്ന് കാട്ടാക്കട കുളത്തുമ്മൽ ഗവ. എൽ.പി.സ്കൂളിൽ നടക്കും.

താലൂക്ക് പരിധിയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ അദാലത്തിൽ പൊതുജനങ്ങൾക്ക് നേരിട്ട് നൽകാം. അദാലത്തിന് മുൻപായി കാട്ടാക്കട താലൂക്ക് ഓഫീസിൽ പരാതി നൽകിയവർക്ക് അദാലത്തിൽ പങ്കെടുക്കാം. ജില്ലാ കളക്ടർ, ജന പ്രതിനിധികൾ, വകുപ്പ് മേധാവികൾ തുടങ്ങിയവർ അദാലത്തിൽ പങ്കെടുക്കും.

## ഓറിയന്റേഷൻ ക്ലാസുകൾ

വെള്ളനാട്: വെള്ളനാട് ജി.കാർത്തികേയൻ സ്മാരക ഗവ.വി ആൻഡ് എച്ച്.എസ്.എസിലെ രണ്ടാം വർഷ ഓപ്പൺ സ്കൂൾ ഓറിയന്റേഷൻ ക്ലാസുകൾ ഇന്ന് രാവിലെ 10നും ഒന്നാം വർഷ ഓറിയന്റേഷൻ ക്ലാസുകൾ ഡിസംബർ ഒന്നിന് രാവിലെ 10നും നടക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## ശിശുദിനാഘോഷം

വെള്ളനാട്: വെള്ളനാട് ജ്യോതി നെഴ്സറി സ്കൂൾ ശിശുദിനാഘോഷ പരിപാടികൾ ഫാ. അനീഷ് ഉദ്ഘാടനം ചെയ്തു. പി.ടി.എ.പ്രസിഡന്റ് എ.സി.ഘോഷ്, അദ്ധ്യാപിക നിർമ്മല എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

## കുടിശ്ശിക അടയ്ക്കാൻ അവസരം

കാട്ടാക്കട: ചുമട്ടുതൊഴിലാളി ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ വിഹിതമടയ്ക്കുന്നതിൽ കുടിശ്ശികയുള്ള തൊഴിലാളികൾക്ക് പിഴകൂടാതെ കുടിശിക അടയ്ക്കാൻ 21, 28 തീയതികളിൽ അവസരം ഉണ്ടാകും.

## മണ്ഡലച്ചിറപ്പ് പൂജ

ആര്യനാട്: എസ്.എൻ.ഡി.പി.യോഗം പറണ്ടോട് അയിത്തി കുമാരനാശാൻ സ്മാരക ശാഖയിൽ ഇന്ന് മുതൽ ഡിസംബർ 27വരെ മണ്ഡലച്ചിറപ്പ് പൂജ നടക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## ആര്യനാട്ട് സൗജന്യ നേത്രപരിശോധന ക്യാമ്പ്

ചേരപ്പള്ളി: നെയ്യാറ്റിൻകര ഇന്റഗ്രൽ ഡവലപ്മെന്റ് സൊസൈറ്റി(നിഡ്സ്)യും കെ.സി.വൈ.എം, ചൈതന്യ കണ്ണാശുപത്രിയും സംയുക്തമായി 25ന് രാവിലെ 9.30 മുതൽ ആര്യനാട് കർമ്മലമാതാ ഫെറോനാ സെന്ററിൽ വച്ച് നേത്രപരിശോധന ക്യാമ്പ് നടത്തുന്നു. സൗജന്യമായി നടത്തുന്ന പരിശോധനയിൽ കണ്ണടകളും ശസ്ത്രക്രിയയും നടത്തുന്നു.

ക്യാമ്പിൽ ഡയബറ്റിക് രോഗികൾ നിർബന്ധമായും നേത്രപരിശോധനയ്ക്ക് വിധേയമാകണമെന്ന് ഇടവക വികാരി ഫാദർ ആർ.കെ.വിൻസന്റും കൺവീനർ വിനുവും യൂണിറ്റ് സെക്രട്ടറി ജോൺകുമാറും അറിയിച്ചു.



ഹർത്താലിനെ തുടർന്ന് തമ്പാനൂരിൽ വാഹനങ്ങൾ തടയുന്നു

# കാലിഫോർണിയയിൽ കാട്ടുതീയിൽ 63 മരണം

■ 631 പേരെ കാണാതായി

ചിക്കോ (യു.എസ്.): വടക്കൻ കാലിഫോർണിയയിൽ പടർന്ന കാട്ടുതീയിൽ 63 പേർ മരിക്കുകയും 631 പേരെ കാണാതാവുകയും ചെയ്തു.

52,000 പേരാണ് അഭയാർത്ഥി ക്യാമ്പുകളിലെത്തിയത്. ബന്ധുവീടുകളിലും ഹോട്ടലുകളിലുമെല്ലാം അഭയാർത്ഥികൾ കഴിയുന്നുണ്ട്. ഒരാഴ്ച മുമ്പ് പടർന്ന് പിടിച്ച കാട്ടുതീയിൽ 9800 വീടുകളാണ് കത്തിനശിച്ചത്.

മൂന്നുലക്ഷത്തോളം പേരെയാണ് തീപിടിത്തം ബാധിച്ചത്. പ്രദേശത്ത് വൈദ്യുതി പുനഃസ്ഥാപിക്കാനായിട്ടില്ല. റോഡുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്.



നിലയ്ക്കലിൽ കെ.എസ്.ആർ.ടി.സി ബസിൽ പരിശോധന നടത്തുന്ന വനിത പൊലീസ് ഉദ്യോഗസ്ഥർ

# കാർത്തിക സ്തംഭം ഉയർത്തൽ നാളെ

■ ചക്കുളത്തുകാവ് പൊങ്കാല 23ന്

ആലപ്പുഴ: ചക്കുളത്തുകാവ് ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല 23ന് നടക്കും. പൊങ്കാലയ്ക്ക് മുന്നോടിയായ കാർത്തിക സ്തംഭം ഉയർത്തൽ നാളെ വൈകിട്ട് 5.30ന് നടക്കും. 23ന് രാവിലെ 8.30ന് വിളിച്ചു ചൊല്ലി പ്രാർത്ഥന. 9ന് ആദ്ധ്യാത്മിക സംഗമം മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും.

ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി അദ്ധ്യക്ഷത വഹിക്കും. 9ന് ക്ഷേത്ര മൂലസ്ഥാനമായ പട്ടന ഇല്ലത്തെ മൂല കുടുംബ ക്ഷേത്ര നടയിൽ നിന്ന് ക്ഷേത്ര മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി ദീപം പകരും.

വാദ്യമേളത്തിന്റെയും വായ്ക്കുരവയുടെയും അകമ്പടിയോടെ ക്ഷേത്രഗോപുര നടയിൽ പ്രത്യേകം തയ്യാറാക്കിയ വിളക്കിൽ ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി ദീപം തെളിക്കും. പൊങ്കാല ഉദ്ഘാടനവും അന്നദാനമണ്ഡപത്തിന്റെ സമർപ്പണവും ഗോകുലം ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഗോകുലം ഗോപാലൻ നിർവഹിക്കും.

തുടർന്ന് മണിക്കുട്ടൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ദേവിയെ ശ്രീകോവിലിൽ നിന്ന് എഴുന്നള്ളിച്ച് പണ്ടാര പൊങ്കാല അടുപ്പിലേക്ക് മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി അഗ്നി പകരും. 11ന് പൊങ്കാല നിവേദിക്കും. വൈകിട്ട് 5.30ന് സാംസ്കാരിക സമ്മേളനം സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉദ്ഘാടനം ചെയ്യും. യു.എൻ വിദഗ്ധ സമിതി ചെയർമാൻ ഡോ.സി.വി.ആനന്ദബോസ് കാർത്തിക സ്തംഭത്തിൽ അഗ്നി പകരും.

# ഗജ ചുഴലിക്കാറ്റ്: ആലപ്പുഴയിൽ ഓറഞ്ച് അലർട്ട്

■ മത്സ്യത്തൊഴിലാളികൾ 20 വരെ കടലിൽ പോകരുത്

ആലപ്പുഴ: തെക്കൻ ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ഗജ ചുഴലിക്കാറ്റിൽ ജില്ലയിൽ ജാഗ്രതാ നിർദ്ദേശം. രാവിലെമുതൽ അതിശക്തമായ മഴപെയ്തു. പ്രളയം കഴിഞ്ഞ് ഭീതിവിട്ടൊഴിയാത്ത ജനങ്ങളിൽ ഗജ ചുഴലിക്കാറ്റ് ഏറെ ആശങ്കയാണ് ഉയർത്തുന്നത്. മത്സ്യത്തൊഴിലാളികൾക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗജ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ ജില്ലയിൽ അതിശക്തമായ കാറ്റ് (മണിക്കൂറിൽ 30കി. മീറ്റർ മുതൽ ചില സമയങ്ങളിൽ 50 കി.മീറ്റർ വരെ വേഗത്തിൽ) വീശാൻ സാദ്ധ്യതയുള്ളതിനാൽ അതീവജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു.

ഇന്നും ജില്ലയിൽ മഴയ്ക്ക് സാദ്ധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. യെലോ അലർട്ടാണ് പ്രഖ്യാപിച്ചതെങ്കിലും മഴ ശക്തി പ്രാപിച്ചതോടെ ഓറഞ്ച് അലർട്ടിലേക്ക് മാറ്റി.

ശക്തമായ കാറ്റിനെത്തുടർന്ന് കടൽ പ്രക്ഷുബ്ധമാകാൻ സാദ്ധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ 20 വരെ കടലിൽ പോകുന്നതിൽ വിലക്ക് ഏർപ്പെടുത്തി.

ഓഖി, പ്രളയം, മത്സ്യക്ഷാമം തുടങ്ങിയതിന് പിന്നാലെ ഗജ എത്തുന്നത് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ വീണ്ടും പട്ടിണിയിലാഴ്ത്തുന്നു. രണ്ടാഴ്ചയായി പണിയില്ലാതിരുന്ന മത്സ്യത്തൊഴിലാളികൾ ബുധനാഴ്ചയാണ് കടലിൽ പോയി തുടങ്ങിയത്.

ഇന്നലെ ഈ മേഖലയിൽ നിന്ന് മത്സ്യബന്ധനത്തിന് കടലിൽ പോയവർക്ക് സുരക്ഷിതമായ സ്ഥലത്ത് എത്തിച്ചേരാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയും ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർമാനും കളക്ടറും ചേർന്ന് സൗകര്യം ഒരുക്കി.

### ക്യാമ്പുകൾ സജ്ജീകരിക്കും

ജില്ലയിൽ എല്ലാ താലൂക്കിലും ക്യാമ്പ് തുടങ്ങാനും പ്രശ്ന ബാധിത മേഖലയിൽ നിന്ന് ആളുകളെ മാറ്റി പാർപ്പിക്കാൻ എല്ലാ സജ്ജീകരണങ്ങളും ഒരുക്കാൻ തഹസിൽദാർക്കും ഫിഷറീസ് വകുപ്പിനും കളക്ടർ നിർദ്ദേശം നൽകി. ശക്തമായി കാറ്റ് വീശൽ തുടർന്നാൽ തീരദേശവാസികളെ മാറ്റി പാർപ്പിക്കും.

മഴയുടെ സാഹചര്യത്തിൽ പൊതുജനങ്ങൾ വാഹനങ്ങൾ മരങ്ങളുടെ കീഴിൽ പാർക്ക് ചെയ്യരുത്.

വൈദ്യുതി ടെലിഫോൺ പോസ്റ്റുകളുടെ ചുവട്ടിൽ നിൽക്കരുതെന്നും ദുരന്തനിവാരണ അതോറിട്ടി മുന്നറിയിപ്പ് നൽകി.

# മകളുടെ വിവാഹം ക്ഷണിക്കാൻ പോയ പിതാവ് മരണമടഞ്ഞു



ജോസ്

വെള്ളറട: മകളുടെ വിവാഹം ക്ഷണിക്കാൻപോയ പിതാവ് ഹൃദയാഘാതം മൂലം മരണമടഞ്ഞു. വെള്ളറട അഞ്ചുമരങ്കാല തൃഷ ഭവനിൽ കള്ളിമൂട്ടിൽ റേഷൻകട നടത്തുന്ന ജോസ് (63) ആണ് മരണമടഞ്ഞത്. ഇന്നലെ രാവിലെ മകളോടൊപ്പം നെയ്യാറ്റിൻകര ഭാഗത്ത് വിവാഹം ക്ഷണിക്കാൻ പോകവേ അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു.

തുടർന്ന് നെയ്യാറ്റിൻകര ഗവൺമെന്റ് ആശുപത്രിയിലും സമീപത്തെ സ്വകാര്യ ആശുപത്രിയിലും എത്തിച്ചുവെങ്കിലും മരിച്ചു. ഭാര്യ: സ്റ്റെല്ല. മക്കൾ: നിതിൻഷാ, നിഖിൽഷാ, നിതുൽഷ. മരുമകൻ: ബിനേഷ്.

# മലപ്പുറത്ത് സി.പി.എം പ്രവർത്തകന് വെട്ടേറ്റു

തിരുവനന്തപുരം: മലപ്പുറം പരപ്പനങ്ങാടിയിൽ സി.പി.എം പ്രവർത്തകന് വെട്ടേറ്റു. ഒട്ടുമ്മൽ കടപ്പുറം സ്വദേശി അസൈനാർക്കാണ് വെട്ടേറ്റത്. ഇയാളെ ഉടൻതന്നെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് ഗുരുതരമല്ല. ആക്രമണത്തിന് പിന്നിൽ മുസ്ലിം ലീഗാണെന്ന് സി.പി.എം ആരോപിച്ചു.

# നടൻ ടി.പി. മാധവന്റെ നില ഗുരുതരം



കൊല്ലം: കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന ചലച്ചിത്ര നടൻ ടി.പി. മാധവന്റെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു. തീവ്ര പരിചരണ വിഭാഗത്തിലാണ്.

2016 ഫെബ്രുവരി മുതൽ പത്തനാപുരം ഗാന്ധിഭവനിലാണ് കഴിയുന്നത്. അഭിനയ രംഗത്ത് സജീവമായിരിക്കെ ആരോഗ്യനില മോശമായപ്പോൾ ശിഷ്ടജീവിതം ഹരിദ്വാറിൽ ആകണമെന്ന ആഗ്രഹത്താൽ പുറപ്പെട്ട അദ്ദേഹം 2015 ഒക്ടോബറിൽ ഹരിദ്വാറിൽ കുഴഞ്ഞുവീണ് പരിക്കേറ്റു. തുടർന്നാണ് ഗാന്ധിഭവനിലെത്തിയത്.

രണ്ട് ദിവസം മുൻപ് പ്രമേഹവും രക്തസമ്മർദ്ദവും കൂടിയതിനെ തുടർന്ന് കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചയോടെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി.

കേരള സർവകലാശാലയിൽ ഡീൻ ആയിരുന്ന തിരുവനന്തപുരം സ്വദേശി എൻ.പി.പിള്ളയുടെയും സരസ്വതിഅമ്മയുടെയും മൂത്തമകനാണ്.

40-ാം വയസിലാണ് സിനിമാലോകത്ത് എത്തിയത്. മറ്റ് ഭാഷാ ചിത്രങ്ങളിലടക്കം അറുന്നൂറിൽപ്പരം ചിത്രങ്ങളിൽ ചെറുതും വലുതുമായ വേഷങ്ങൾ കൈകാര്യം ചെയ്തു.